ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെ ഉണ്ടാകാൻ വഴിയില്ല. അങ്ങനെ നടക്കുന്നുണ്ടെങ്കിൽ കർശനമായ നടപടിയെടുക്കും.

ശ്രീ. എം. എം. മത്തായി : വാഹനനികുതി കൊടുക്കാത്തതിനു് ബസ്സുകളെ പോലീസ് സ്റ്റേഷനിൽ പിടിച്ചുകൊണ്ടുപോകുന്നതായി അറിയാമോ; അതുമൂലം യാത്രക്കാക്കു് അസൌകര്യം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഉടനെതന്നെ പണം അടക്കാൻ സൌകര്യപ്പെടുന്നില്ലെങ്കിൽ രണ്ടോ, മൂന്നോ ദിവസം കഴിഞ്ഞാൽ ടെമ്പററി പെർമിറ്റു കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ടു്. അങ്ങനെ പലയിടത്തും ടെമ്പററി പെർമിറ്റു കൊടുത്തു വണ്ടി ഓടുന്നുണ്ടു്.

മെഡിക്കൽ, ഇഞ്ചിനീയറിംഗു് കാളേജുകളിൽ മെരിററടിസ്ഥാനത്തിൽ പ്രവേശനം നൽകിയ സീറുകളം

* 762. [6] ശ്രീ. കെ. ഹസ്സൻ ഗനി: താഴെ കാണുന്ന ചോദ്യങ്ങളുക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

1963—ൽ മെഡിക്കൽ, ഇഞ്ചിനീയറിംഗു് കാളേജുകളിൽ താഴെ പറയുന്ന സമുദായങ്ങളുക്കു് മെരിററടിസ്ഥാനത്തിൽ പ്രവേശനം നൽകിയ സീറുകളുടെ ശതമാനക്കണക്കുകളും നൽകുമോ:—

1. മുസ്ലീംകളം.
2. ഈഴവർ.
3. ലത്തീൻ ക്രിസ്ത്യാനികളം.
4. മറുു് പിന്നോക്ക ഹിന്ദുക്കളം.
5. ആംഗ്ലോ ഇൻഡ്യൻസു്.
6. അവശ ക്രിസ്ത്യാനികളം.
7. ഷെഡ്യൂൾഡു് കാസു്റുു്.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): ഈവിവരങ്ങളം കാണിക്കുന്ന സ്റ്റേറുമെൻറു് മേശപ്പുറത്തുവച്ചിട്ടുണ്ടു്. †

ശ്രീ. കെ. ഹസ്സൻ ഗനി: സർ, ഈ മേശപ്പുറത്തുവച്ചിരിക്കുന്ന സ്റ്റേറുമെൻറു അനുസരിച്ചു വിവിധ പിന്നോക്കവിഭാഗങ്ങളുക്കു നൽകിയിരിക്കുന്ന ശതമാനം കാണിച്ചിട്ടുണ്ടു്. അതിൽ—

	സമുദായം.	ഇഞ്ചിനീയറിംഗു് കാളേജു്.	പ്രീ മെഡിക്കൽ.	എം. ബി. ബി. എസു്.
1.	മുസ്ലീങ്ങളം	3.944%	3%	7.5%
2.	ഈഴവൻ	8.333%	6%	16%
3.	ലത്തീൻ ക്രുസ്ത്യാനികളം	1.388%	1.6%	1%
4.	മറുപിന്നോക്ക ഹിന്ദുക്കളം	6.481%	3.9%	4.5%
5.	ആംഗ്ലോ ഇൻഡ്യൻ	ആരുമില്ല.	ആരുമില്ല.	ആരുമില്ല.
6.	അവശ ക്രിസ്ത്യാനികളം	1.157%	1.6%	1%
7.	ഷെഡ്യൂൾഡു് കാസു്റുു്	0.694%	ആരും ഇല്ല.	ആരും ഇല്ല.

† Appendix I.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സ്പീക്കർ: ഈ സ്റ്റേറ്റുമെൻറ് മുഴവൻ വായിക്കാൻ കൂടുതൽ സമയം വേണ്ടിവരും. അതു വായിക്കാതെ ചോദ്യം ചോദിക്കരുതോ?

ശ്രീ. കെ. ഹസ്സൻഗനി: അതു വായിച്ചിട്ടുവേണം ചോദ്യം ചോദിക്കാൻ എന്നുള്ളതുകൊണ്ടാണു്.

ഈ ഷെഡ്യൂൾഡ് കാസ്റ്റ്സിനും ട്രൈബ്സിനും 9 ശതമാനമാണു് വച്ചിട്ടുള്ളതു്. അപ്പോഴും ഈ ശതമാനകണക്കുകൊണ്ടു കാണുന്നതു്, ഇപ്പോഴും അവർ സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്നു എന്നാണു്. ഹൈക്കോടതിയിൽ ഇപ്പോഴും ഇതു സംബന്ധിച്ചു് കൊടുത്തിട്ടുള്ള അപ്പീലിൻറെ തീരുമാനം ആയിട്ടില്ല. ഇങ്ങനെയുള്ള കാളേജുകളിൽ അതായതു്, എൻജിനീയറിംഗ് മെഡിക്കൽ കാളേജുകളിൽ പ്രവേശനത്തിനു വളരെ ഏറെ നാളുകളും ഇല്ലാത്തതുകൊണ്ടു ഗവണ്മെൻറു ഈക്കാര്യത്തിൽ എന്തു തീരുമാനമാണു് എടുക്കാൻ പോകുന്നതെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. ആർ. ശങ്കർ: ചോദ്യം യഥാർത്ഥത്തിൽ എനിക്കു മനസ്സിലായില്ല. ഞാൻ ഊഹിച്ചു മറുപടി പറയാം. ഇതിൽ കൊടുത്തിരിക്കുന്ന വിവരങ്ങളം മെരിറ്റടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ടന്ന ആളുകളെസംബന്ധിച്ചു് മാത്രമാണു്. ആകെ സീറ്റുകളുടെ ശതമാനമല്ലാ ഇതു് എന്നു വ്യക്തമായിട്ടു ഞാൻ വിശ്വസിക്കുന്നു. ഇപ്പോഴും പ്രീ മെഡിക്കലിനാണെങ്കിലും എം. ബി. ബി. എസിനാണെങ്കിലും ആകെയുള്ള സീറ്റു 425, അതിൽ മെരിറ്റടിസ്ഥാനത്തിലാണെങ്കിൽ 126 സീറ്റേ വരികയുള്ളു. നേരിട്ടുള്ള തിരഞ്ഞെടുപ്പും ഡിസ്ട്രിക്റ്റു് അടിസ്ഥാനത്തിലും മറ്റുമുള്ള തിരഞ്ഞെടുപ്പും കഴിഞ്ഞാൽ പിന്നെ ഈ 126 സീറ്റേ ഉള്ളു. മൊത്തം സീറ്റുകളുടെ ശതമാനമായിട്ടു ഇതു മാറിയാൽ വളരെ കുറയും. ഇനിയും. ഈ ശതമാനത്തിൻറെ അടിസ്ഥാനത്തിൽ ഗവണ്മെൻറു മനസ്സിലാക്കിയിട്ടുണ്ടു്. ഈ സമുദായങ്ങൾക്കു ഇനിയും വേണ്ടിടത്തോളം പ്രാതിനിധ്യം കിട്ടിയിട്ടില്ല, വേണ്ടിടത്തോളം മെരിറ്റു കിട്ടിവരുന്ന സാഹചര്യം ഉണ്ടായിട്ടില്ല എന്നുള്ളതു്. ഇതേസംബന്ധിച്ചു് കോടതിയിൽ ഒരു വിധിയുണ്ടായിട്ടുള്ളതു എന്താണെന്നു എല്ലാവർക്കും അറിയാം. അതേസംബന്ധിച്ചു ഗവണ്മെൻറു കൊടുത്തിട്ടുള്ള അപ്പീലിൻറെ തീരുമാനം എങ്ങനെയാണെന്നു ഊഹിക്കാൻ സാദ്ധ്യമല്ല. കോടതിയുടെ വിധി എന്താണെന്നറിഞ്ഞു ഇതുസംബന്ധിച്ചു എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ എന്നു നോക്കേണ്ടതാണു്.

ശ്രീ. കെ. ഹസ്സൻ ഗനി: മെരിറ്റിൻറെ അടിസ്ഥാനത്തിൽ ഇങ്ങനെ വരുമ്പോഴും റിസർവേഷൻ എടുത്തുകളഞ്ഞിട്ടില്ലെങ്കിൽതന്നെയും ഇതിൽ കൂടുതലൊന്നും ഉണ്ടാകാൻപോകുന്നില്ല എന്നാണോ?

(ഉത്തരമില്ല)

ശ്രീ. സി. എം. കുട്ടി: ഹൈക്കോടതിയുടെ വിധി ഇതിനെതിരായി വരികയാണെങ്കിൽ അതു പരിഹരിക്കുന്നതിനു വല്ല മാർഗ്ഗവും കണ്ടുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്താണെന്നു പറയാമോ?

ശ്രീ. ആർ. ശങ്കർ: അതു നേരത്തെ കണ്ടുപിടിക്കാൻ പ്രയാസമാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മുൻമന്ത്രി ശ്രീ. പി. ടി. ചാക്കോ സംവരണത്തിനെതിരായി ഒരു "കരിശ്ശയുദ്ധം" പ്രഖ്യാപിച്ചതായി കേൾക്കുന്നതു ശരിയാണോ?

Mr. Speaker: That question need not be answered.

ശ്രീ. സി. എ. മാത്യു: മെരിറ്റടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പു നടത്തുന്നതുകൊണ്ടു ചില പ്രത്യേക സമുദായക്കാർക്കു കൂടുതൽ ശതമാനം സീറ്റുകളും കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുണ്ടു് എന്നറിയുന്നുണ്ടു്. അങ്ങനെ ഈ മെരിറ്റടി

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനത്തിൽ വളരെ കൂടുതൽ സീറുകളും കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുള്ള സമുദായക്കാർ ഉള്ളതുകൊണ്ടു മെരിറ്റടിസ്ഥാനത്തിൽ സംവരണവ്യവസ്ഥ നടപ്പാക്കാൻ ഗവണ്മെൻറു തയാറാകുമോ ?

ശ്രീ. ആർ. ശങ്കർ: ഒരു വിധത്തിൽ പറഞ്ഞാൽ ഈ കണക്കുകളും മിസ്ലീഡിംഗാണു്. ഈ 126 സീറ്റിൽമാത്രം ശതമാനക്കണക്കു പറഞ്ഞാൽ അതിൽ സംശയം വരാവുന്നതാണു്. ജനസംഖ്യാടിസ്ഥാനത്തിൽ കിട്ടേണ്ടതും ഇപ്പോൾ കിട്ടിവരുന്നതും നോക്കുമ്പോൾ അവർക്കു താരതമ്യേന വളരെ കുറച്ചേ കിട്ടുന്നുള്ളു എന്നു കാണുന്നു.

ശ്രീ. എം. നാരായാണക്കുറുപ്പു്: ഇപ്പോൾ പിന്നാക്കം നിൽക്കുന്ന സമുദായങ്ങൾ എന്നു പറയുന്നതിന്റെ കൂട്ടത്തിൽ വളരെ പിന്നാക്കം നിൽക്കുന്ന സമുദായങ്ങളുമുണ്ടു്. അപ്പോൾ യഥാർത്ഥത്തിൽ പിന്നണിയിൽ നിൽക്കുന്ന ആ വിഭാഗത്തെ കണ്ടുപിടിച്ചു അവർക്കു വല്ല സബ്സ്റ്റിറ്റ്യൂഷനോ വല്ലതും അനുവദിച്ചു അവരുടെ സീറുകളും കൂട്ടാനെന്താണു മാർഗ്ഗം എന്നു ആലോചിച്ചിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: സബ് റൊട്ടേഷൻസമ്പ്രദായം ഒരളവിൽ സ്വീകരിച്ചിട്ടുണ്ടു്. പിന്നാക്കസമുദായങ്ങളെ ഇപ്പോൾ അഞ്ചു വിഭാഗമായി തിരിച്ചിട്ടുണ്ടു്. ഈഴവർ, മുസ്ലീം, ലാറിൻ ക്രിസ്ത്യാനികൾ, ബാക്ക്വേഡ് ക്രിസ്ത്യാനികൾ, മറ്റു പിന്നാക്ക ഹിന്ദുക്കൾ ഇങ്ങനെ അഞ്ചു വിഭാഗമായി തിരിച്ചിട്ടുണ്ടു്. ഷെഡ്യൂൾഡ് കാസ്റ്റിന്റെയും ട്രൈബ്സിന്റെയും ഇടയിൽ സബ് റൊട്ടേഷൻ അനുവദിച്ചു. ഈ സമുദായങ്ങൾക്കു് അവരുടെ ജനസംഖ്യാകൊണ്ടു ലഭിക്കുന്നതിന്റെ പകുതിയോളം ഇല്ലെങ്കിലും ഏകദേശം 26 ശതമാനത്തോളം വരുന്ന സീറുകളാണു് റിസർവ്വ് ചെയ്തിട്ടുള്ളതു്. ഈഴവരുടെ ജനസംഖ്യ 26 ശതമാനമാണു്. അവർക്കു 13 ശതമാനം സീറുകൾ അനുവദിച്ചിട്ടുണ്ടു്. മുസ്ലീങ്ങളുടെ ജനസംഖ്യ 17 ശതമാനമാണു്. അവർക്കു 9 ശതമാനം സീറുകൾ അനുവദിച്ചിട്ടുണ്ടു്. ലാറിൻ ക്രിസ്ത്യാനികളുടെ ജനസംഖ്യ ആറു ശതമാനമാണു്. അവർക്കു മൂന്നു ശതമാനം സീറുകൾ അനുവദിച്ചിട്ടുണ്ടു്. ബാക്ക്വേഡ് ക്രിസ്ത്യാനികൾ ജനസംഖ്യ അനുസരിച്ചു ഒരു ശതമാനംതന്നെയില്ല. അവർക്കു ഒരു ശതമാനം റിസർവ്വ് ചെയ്തിട്ടുണ്ടു്. മറ്റു പിന്നാക്ക ഹിന്ദുക്കൾ ജനസംഖ്യയുടെ 17 ശതമാനം വരും. അവർക്കു 9 ശതമാനം സീറു റിസർവ്വ് ചെയ്തിട്ടുണ്ടു്. ഇങ്ങനെ 35 ശതമാനം സീറുകൾ അവർക്കായി റിസർവ്വ് ചെയ്തിട്ടുണ്ടു്. 5 ശതമാനം സീറുകൾ ഷെഡ്യൂൾഡ് കാസ്റ്റിനും ട്രൈബ്സിനുമായി റിസർവ്വ് ചെയ്തിട്ടുണ്ടു്.

എമർജൻസി ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ്

* 763 [7] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ഫെബ്രുവരി മുതൽ ജൂലൈ വരെ എമർജൻസി ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് നടത്തുകയുണ്ടായോ; എത്രപേർ ട്രെയിനിംഗ് കഴിച്ചു ;

(ബി) അവരെ എങ്ങനെ ഉപയോഗപ്പെടുത്താനാണു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നതു് ;

(സി) അവർക്കു് ഇതുകൊണ്ടു് എന്തെങ്കിലും തൊഴിൽ ലഭിക്കുവാനുള്ള സാദ്ധ്യതകളുണ്ടോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ഉണ്ടായി.

2787 പേർ.

(ബി) സായുധസേനയിൽ റിക്രൂട്ടു് ചെയ്യുന്നതിനാണു് ട്രെയിനിംഗ് നൽകിയതു്. പരിശീലനം കഴിഞ്ഞവരിൽ ശാരീരികയോഗ്യതയുള്ളവരെ സായുധസേനയിലേക്കു് എടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please See answer to Starred Question No.* 762 (6)]

1963–ൽ മെഡിക്കൽ ഇൻജിനിയറിംഗ് കോളേജുകളിൽ മെരിറ്റടി സ്ഥാനത്തിൽ പ്രവേശനം നൽകിയ സീറ്റുകളുടെ ശതമാനക്കണക്ക്.

	സമുദായം	ഇൻജിനീയറിംഗ് കോളേജ്	പ്രീ മെഡിക്കൽ	എം. ബി. ബി എസ്സ്
1	മുസ്ലീങ്ങൾ	6.944%	3%	7.5%
2	ഈഴവർ	8.333%	6%	16%
3	ലത്തീൻ ക്രിസ്ത്യാനികൾ	1.338%	1.6%	1%
4	മറ്റുപിന്നോക്ക ഹിന്ദുക്കൾ	6.481%	3.9%	4.3%
5	ആംഗ്ലോഇൻഡ്യൻ	ആരുമില്ല	ആരുമില്ല	ആരുമില്ല
6	അവശ ക്രിസ്ത്യാനികൾ	1.157%	1.6%	1%
7	ഷെഡ്യൂൾഡ് കാസ്റ്റ്	0.694	ആരുമില്ല	ആരുമില്ല

LIBRARY ARCHIVES Kerala Legislative Assembly